അറേബ്യയിൽനിന്നും തിരികെ എത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ തിരികെയെത്തി രജിസ്റ്റർ ചെയ്ത പ്രവാസി മലയാളികളോട് സ്വയം തൊഴിൽ വായ്പ പദ്ധതിയായ NDPREM പദ്ധതിയുടെ ആനുകൂല്യങ്ങൾ ആവശ്യമെങ്കിൽ അധിക വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. 5783 പേർ അധിക വിവരങ്ങൾ ലഭ്യമാക്കിയതിൽ സ്ക്രീനിംഗിലൂടെ 2841 പേർ ഈ പദ്ധതിയുമായി സഹകരിക്കുന്ന ബാങ്കുകളുടെ നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യത്തിന് അർഹരാണെന്ന് കണ്ടെത്തി. ബാങ്കുകളുമായുള്ള ധാരണാപത്രം 31-03-2015-ൽ അവസാനിക്കുകയും 2015 നവംബർ 23-ന് അത് പുതുക്കി ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. വായ്പാ ശിപാർശകൾക്ക് അർഹരാണെന്ന് കണ്ടെത്തിയ 2841 പേർ ലഭ്യമാക്കിയ വിവരങ്ങൾ വായ്പ അനുവദിക്കുന്നതിനായി ബാങ്കുകൾ നിർദ്ദേശിക്കുന്ന ബ്രാഞ്ചുകളിലേക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ 2015 ഡിസംബർ 10 മുതൽ ആരംഭിച്ചിട്ടുണ്ട്.

നിതാഖത്ത് - തിരിച്ചുവന്നവർക്ക് നൽകുന്ന ആനുകൂല്യം

75 (3277) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിതാഖത്ത് നിയമംമൂലം വിദേശ ജോലി നഷ്ടപ്പെട്ട് തിരിച്ചു വന്നവരെ പുനരധിവസിപ്പിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(ബി) ഇവർക്കായി പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പദ്ധതികളെക്കുറിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2013 ഏപ്രിൽ ഒന്നുമുതൽ സൗദി അറേബ്യയിൽ നിതാഖത്ത് നിയമം കർശനമാക്കിയതിനെതുടർന്ന് തിരികെ എത്തുന്നവരുടെ വിവര ശേഖരണത്തിനായി കേരളത്തിലെ എയർപോർട്ടുകളിൽ ഹെൽപ്പ് ഡെസ്കുകളും കൂടാതെ ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിരുന്നു. ഇവയിലൂടെ 22634 പേർ സൗദി അറേബ്യയിൽനിന്നും തിരികെ എത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ തിരികെയെത്തി രജിസ്റ്റർ ചെയ്ത പ്രവാസി മലയാളികളോട് സ്വയം തൊഴിൽ വായ്പ പദ്ധതിയായ NDPREM പദ്ധതിയുടെ ആനുകൂല്യങ്ങൾ ആവശ്യമെങ്കിൽ അധിക വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. 5783 പേർ അധിക വിവരങ്ങൾ ലഭ്യമാക്കിയതിൽ സ്ക്രീനിംഗിലൂടെ 2841 പേർ ഈ പദ്ധതിയുമായി സഹകരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കുകളുടെ നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യത്തിന് അർഹരാണെന്ന് കണ്ടെത്തി. ബാങ്കുകളുമായുള്ള ധാരണാപത്രം 31-03-2015-ൽ അവസാനിക്കുകയും 2015 നവംബർ 23-ന് അത് പുതുക്കി ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. വായ്പാ ശിപാർശകൾക്ക് അർഹരാണെന്ന് കണ്ടെത്തിയ 2841 പേർ ലഭ്യമാക്കിയ വിവരങ്ങൾ വായ്പ അനുവദിക്കുന്നതിനായി ബാങ്കുകൾ നിർദ്ദേശിക്കുന്ന ബ്രാഞ്ചുകളിലേയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

ഗൾഫിൽനിന്നും തിരിച്ചെത്തിയവർക്ക് ബാങ്ക് വായ്പ

76 (T*3278) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിതാഖത് ഉൾപ്പെടെയുള്ള നടപടികൾമൂലം ഗൾഫിൽ നിന്നും തിരിച്ചെത്തിയവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കായി ബാങ്കുകൾ പണം നൽകാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ബാങ്കുകളെ പങ്കെടുപ്പിച്ച് താലൂക്ക് തലങ്ങളിൽ അദാലത്ത് നടത്തുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ ;

(സി) എത്ര പേർക്ക് ഇത്തരത്തിൽ ലോൺ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) തിരിച്ചെത്തിയ പ്രവാസികൾക്കായുള്ള ക്ഷേമപദ്ധതിയായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതിക്ക് അപേക്ഷിക്കുന്ന അർഹരായ പ്രവാസികളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി ബാങ്കുകളെ കൂടി ഉൾപ്പെടുത്തി ഗുണഭോക്താവുമായി കൂടിക്കാഴ്ച നടത്തിയാണ് പദ്ധതി നടപ്പാക്കുന്നത്.

(സി) നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി പ്രകാരം 1072 പേർക്ക് ലോൺ അനുവദിച്ചിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly